LIBRARY ARCHIVES Kerala Legislative Assembly

മുങ്ങൽ വിദഗ്ധർ

238 (3060) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസിന് കീഴിൽ പരിശീലനം നൽകി രൂപീകരിച്ചിട്ടുള്ള SCUBA മുങ്ങൽ വിദഗ്ധരുടെ എത്ര ടീമുകൾക്ക് രൂപം നൽകിയിട്ടുണ്ട് ; ആകെ എത്ര പേരാണ് ഈ സംഘത്തിൽ നിലവിലുള്ളത് ;

(ബി) പ്രസ്തുത ടീമിലെ അംഗങ്ങൾക്ക് അപകടം പിടിച്ച പാറമടകളിലും കുളങ്ങളിലും പലപ്പോഴും 120 അടിയോളം താഴ്ചയിൽ രക്ഷാ പ്രവർത്തനത്തിനായി മുങ്ങൽ നടത്തേണ്ടി വരുന്നുണ്ടെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പലപ്പോഴും ഇത്തരത്തിൽ 120 അടിയോളം താഴ്ചയിൽ രക്ഷാപ്രവർത്തനങ്ങൾ നടത്തുന്നത് ഈ ടീമിലെ അംഗങ്ങൾക്ക് ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകാൻ ഇടയാക്കുമെന്നും അപകട സാധ്യതയുണ്ടാക്കുന്നതാണെന്നുമുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇവർക്ക് ആഴത്തിൽ മുങ്ങുന്നതിന് ആവശ്യമായ പ്രത്യേക സ്യൂട്ട്, ഓക്സിജൻ മാസ്ക് , സിലിണ്ടർ എന്നിവ ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ഡി) അതീവ അപകടരമായ സാഹചര്യങ്ങളിൽ ജോലി ചെയ്യുന്ന പ്രസ്തുത ടീമംഗങ്ങൾക്ക് യാതൊരുവിധ പ്രത്യേക അലവൻസുകളും നൽകുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഈ പ്രത്യേക വിഭാഗത്തിന് പ്രത്യേക അലവൻസ് ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ;

(ഇ) ഈ വിഭാഗത്തിന് പ്രത്യേക വാഹന സൗകര്യം ലഭ്യമാണോ ; വാഹന സൗകര്യം ലഭ്യമല്ലാത്തത് ഈ ടീമിന്റെ രക്ഷാദൗത്യങ്ങളെ പലപ്പോഴും ബാധിക്കാറുള്ള സാഹചര്യത്തിൽ പ്രത്യേക വാഹനം അനുവദിക്കുന്നകാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് വകുപ്പിന്റെ കീഴിൽ പരിശീലനം നൽകി മുങ്ങൽ വിദഗ്ധരുടെ 12 ടീമുകൾ രൂപീകരിച്ചിട്ടുണ്ട്. ആകെ 142 പേരാണ് ഈ സംഘത്തിലുള്ളത്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ പ്രത്യേക ഉപകരണങ്ങൾ ലഭ്യ മാക്കിയിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ ടീമിന് പ്രത്യേക അലവൻസ് ഏർപ്പെട്ടു ത്തുന്നതിനായി ശമ്പള കമ്മീഷൻ മുമ്പാകെ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

(ഇ) ഈ വിഭാഗത്തിന് പ്രത്യേക വാഹനസൗകര്യം അനുവദിക്കുന്ന തിനായി 2015-16 സാമ്പത്തിക വർഷത്തേക്കുള്ള പ്ലാൻഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കണ്ണൂർ ജില്ലയിലെ പഴയങ്ങാടിയിൽ ഫയർ സ്റ്റേഷൻ

239 (3061) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ മാടായിപ്പാറയിൽ ഇടയ്ക്കിടെ ഉണ്ടാവുന്ന തീപിടുത്തവും കല്ല്യാശ്ശേരിയിൽ ഉണ്ടാവുന്ന ടാങ്കർ ലോറി അപകടവും പഴയങ്ങാടി വ്യാപാര മേഖല, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പരിയാരം മെഡിക്കൽ കോളേജ്, പരിയാരം ആയുർവ്വേദ കോളേജ് എന്നിവ കണക്കിലെടുത്തും പഴയങ്ങാടി കേന്ദ്രമായി ഒരു ഫയർസ്റ്റേഷൻ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ; ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) നിലവിൽ ഫയർസ്റ്റേഷൻ ഇല്ലാത്ത കല്യാശ്ശേരി നിയോജക മണ്ഡലത്തിൽ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തി പഴയങ്ങാടിയിൽ ഫയർ സ്റ്റേഷൻ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിലെ പഴയങ്ങാടിയിൽ ഫയർസ്റ്റേഷൻ ആരംഭിക്കുന്ന തിനായി മാടായിപ്പാറയിൽ തിരുവർക്കാട്ട്കാവ് ക്ഷേത്രത്തിന്റെ അധീനതയിലുള്ള 50 സെന്റ് സ്ഥലം കണ്ടെത്തുകയും ജലലഭ്യത ഉറപ്പുവരുത്തുന്നതിനായി കഴൽ കിണൽ കഴിക്കുന്നതിനോ മറ്റ് ജല സ്രോതസ്സുകൾ കണ്ടെത്തുന്നതിനോ വേണ്ടി ഗ്രാമപഞ്ചായത്ത് അധികാരികളുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) 21-12-2011-ലെ സ.ഉ.(സാധാ) 3764/2011/ആഭ്യന്തരം ഉത്തരവ് പ്രകാരം അടുത്ത അഞ്ച് വർഷത്തിനുള്ളിൽ ആരംഭിക്കുവാൻ ഉദ്ദേശിച്ച് പുറപ്പെടു വിച്ചിട്ടുള്ള ഫയർ സ്റ്റേഷനുകളുടെ പട്ടികയിൽ പഴയങ്ങാടി ഉൾപ്പെട്ടിട്ടില്ല. എങ്കിലും സ്വന്തമായി സ്ഥലവും കെട്ടിടവും ലഭ്യമാകുന്ന മുറയ്ക്ക് പഴയങ്ങാടിയിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly